# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *111      29.09.2016-ൽ മറുപടിയ്ക്ക്

## മരാമത്ത് പണികളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ<br>,, രാജു എബ്രഹാം<br>,, എ.എം. ആരിഫ്<br>,, ബി.ഡി. ദേവസ്സി | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മരാമത്ത് പണികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിന്റെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവൃത്തികളുടെ ഗുണമേൻമ ചുമതലയുള്ള ഫീൽഡ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃതലാബുകളിൽ നടത്തേണ്ടതും രണ്ടാം ഘട്ടം ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് ചീഫ് എഞ്ചിനീയർമാർക്കും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കേണ്ടതുമാണ്. ഇതു കൂടാതെ 5 കോടിക്കു മുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധൻമാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനാ ഫലങ്ങൾ തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, |

| | | |
|---|---|---|
| | | തിരുവനന്തപുരത്തിന് അയച്ചുകൊടുക്കുകയും നടപടികളെടുക്കുകയും ചെയ്തു വരുന്നു. നിലവിൽ ഉണ്ടായിരുന്ന മരാമത്ത് വിജിലൻസിനെ ഫലപ്രദമാക്കാൻ അതിനെ പുന:സംഘടിപ്പിച്ചു. 9 അംഗടീമിനെ നിയമിച്ച് പ്രവർത്തിച്ചു വരുന്നു. ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ആധുനിക സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്റ്റർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ടാറിംഗ് പ്രവർത്തികൾ ഉള്ള സ്ഥലങ്ങളിൽ പ്ളാൻറ് സൈറ്റിലും റോഡുകളിലും എത്തി ബിറ്റുമിൻ എക്സ്ട്രാക്റ്റർ, സീവ്സ്, തെർമോമീറ്റർ എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നതിലേയ്ക്കായി (നിരത്തുകളും പാലങ്ങളും)ചീഫ് എഞ്ചിനീയറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ക്വാളിറ്റി കൺട്രോൾറീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവൃത്തിച്ചു വരുന്നു. ഇതു കൂടാതെ സോഷ്യൽ ഓഡിറ്റിംഗ് കൂടി നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |
| (ബി) | മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന ആധുനിക ഉപകരണങ്ങളും അനുബന്ധ സംവിധാനങ്ങളും ഉപയോഗിക്കുന്നുണ്ട്.<br>1. ബിറ്റുമിൻ എക്സ്ട്രാക്റ്റർ,<br>2. കംപ്രഷൻ ടെസ്റ്റിംഗ് മെഷീൻ<br>3. ഇംപാക്റ്റ് ടെസ്റ്റിംഗ് മെഷീൻ<br>4. അബ്രേഷൻ ടെസ്റ്റിംഗ് മെഷീൻ<br>5. സീവ് അനാലിസ്റ്റിക് ടെസ്റ്റ് ഉപകരണങ്ങൾ<br>6. കോർ കട്ടിംഗ് മെഷീൻ<br>7. കാലിഫോർണിയ ബെയറിംഗ് റേഡിയോടെസ്റ്റ് മെഷീൻ<br>8. യൂണിവേഴ്സൽ ടെസ്റ്റിംഗ് മെഷീൻ |

സെക്ഷൻ ഓഫീസർ